പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1389 03.12.2018 ൽ മറുപടിയ്ക്ക്

സാക്ഷരതാ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ സാക്ഷരത നടപ്പിലാക്കണമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തിയ എഴുത്ത് പരീക്ഷയിൽ എത്ര പേർ വിജയിച്ചു; അറിയിക്കാമോ; | (ബി) | 'അക്ഷരലക്ഷം' പരീക്ഷയിൽ 42933 പേരും, അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതിയുടെ ഒന്നാം ഘട്ട പരീക്ഷയിൽ 1117 പേരും രണ്ടാംഘട്ട പരീക്ഷയിൽ 2553 പേരും വയനാട് പ്രത്യേക സാക്ഷരതാ പദ്ധതിയിൽ 4309 പേരും വിജയിച്ചിട്ടുണ്ട്. സമഗ്ര, നവചേതന, ചങ്ങാതി, അക്ഷരസാഗരം എന്നീ കോഴ്സുകളിലെ മൂല്യനിർണ്ണയം നടന്നു വരുന്നു. |
| (സി) | യുനെസ്കോ മാനദണ്ഡം അനുസരിച്ച് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമാണോ ; | (സി) & (ഡി) | അതെ. എന്നിരുന്നാലും സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2011 ലെ കണക്കനുസരിച്ച് കേരളത്തിൽ പതിനെട്ട് ലക്ഷത്തിലധികം നിരക്ഷരരുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിലാണ് സാക്ഷരതാ മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (ഡി) | ഇല്ലെങ്കിൽ നിരക്ഷരരായ ആളുകൾ മുഴുവൻ സാക്ഷരരാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമനം. | പദ്ധതികൾ | പദ്ധതി |
| --- | --- | --- |
| 1 | അക്ഷരലക്ഷം | |
| 2 | നവചേതന | പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്ന സാക്ഷരതാ പരിപാടി |
| 3 | സമഗ്ര | പട്ടികവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുന്ന തുടർ വിദ്യാഭ്യാസ പദ്ധതി |
| 4 | വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി | |
| 5 | അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി | |
| 6 | അക്ഷരശ്രീ | സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി |
| 7 | ചങ്ങാതി | ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടത്തുന്ന |
| 8 | സമന്വയ | ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി |
| 10 | അക്ഷരസാഗരം | തീരദേശമേഖലയിൽ നടപ്പിലാക്കി വരുന്ന |

സെക്ഷൻ ഓഫീസർ